# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.611** **09/02/2016-ൽ മറുപടിക്ക്**

## ഐ.ടി. വ്യവസായരംഗത്തെ കയറ്റുമതി

**ചോദ്യം** **മറുപടി**

**ശ്രീ. കെ.എൻ.എ. ഖാദർ** **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | രാജ്യത്തെ ഐ. ടി. വ്യവസായരംഗത്തെ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമാണ്; | (എ) | 2014-15 കാലയളവിൽ ഇന്ത്യയിൽ നിന്നും ഏകദേശം 5014 ബില്യൺ രൂപയുടെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 11100 കോടി രൂപയുടെ കയറ്റുമതി കേരളത്തിൽ നിന്നുമാണ് എന്ന് കണക്കാക്കുന്നു. ഇതു പ്രകാരം രാജ്യത്തെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 2% കേരളത്തിന്റെ വിഹിതമായി കണക്കാക്കാം. |
| (ബി) | ടെക്നോപാർക്ക് പോലുള്ള സംരംഭങ്ങളുള്ളപ്പോഴും ഈ രംഗത്തെ കയറ്റുമതിയിൽ സംസ്ഥാനം പിന്നോക്കം നിൽക്കുന്നതിന്റെ കാരണമെന്ത്; | (ബി) | ഐ.ടി. കയറ്റുമതിയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മറ്റു സംസ്ഥാനങ്ങൾക്കുള്ള ഭൂമിശാസ്ത്രപരമായ സവിശേഷതകളും പ്രയോജനങ്ങളും കേന്ദ്രത്തിൽ നിന്നും വിദൂരമായി സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാനത്തിന് ലഭിക്കുന്നില്ല.<br>2. Tier-I സിറ്റികളിലുള്ള അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ വൻകിട കമ്പനികളുടെ സംസ്ഥാനത്തെ അസാന്നിധ്യം.<br>3. പൊതുസ്വകാര്യ മേഖലകളിൽ മറ്റു സംസ്ഥാനങ്ങൾ സജ്ജമാക്കിയിരിക്കുന്ന മികച്ച അടിസ്ഥാന സൗകര്യങ്ങൾ.<br>4. രാജ്യത്തെ പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ്-വ്യോമ-റെയിൽ യാത്രാ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള മികച്ച പൊതുഗതാഗത സംവിധാനത്തിന്റെ അപര്യാപ്തത. |
| (സി) | അടിക്കടിയുണ്ടാകുന്ന സമരങ്ങൾ, ഹർത്താലുകൾ എന്നിവ ഈ വ്യവസായ രംഗത്തെ നിക്ഷേപകരെ കേരളത്തിൽ നിന്ന് | (സി) | അടിക്കടിയുണ്ടാകുന്ന സമരങ്ങൾ, ഹർത്താലുകൾ എന്നിവ ഐ.ടി, വ്യവസായ മേഖലയിലെ കമ്പനികളുടെ പ്രവർത്തനത്തെ നേരിട്ട് ബാധിക്കുന്നില്ലെങ്കിലും ഇത് കേരളത്തിലുള്ള ഐ.ടി. നിക്ഷേപങ്ങളെ പരിമിതപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പിൻതിരിപ്പിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | വിവരസാങ്കേതിക വിദ്യാ പരിജ്ഞാനം നേടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിക്കുമ്പോഴും ഇതൊരു വ്യവസായമെന്ന നിലയിൽ കാര്യമായ പുരോഗതി രേഖപ്പെടുത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ ഐ.ടി. വ്യവസായം വളർച്ചയുടെ പാതയിലാണ്. സംസ്ഥാനത്തു നിന്നുള്ള സോഫ്റ്റ് വെയർ കയറ്റുമതിയിൽ ഒരോ വർഷവും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2004-ൽ 400 കോടി രൂപ മാത്രമായിരുന്ന ടെക്നോപാർക്കിലെ സോഫ്റ്റ് വെയർ കയറ്റുമതി 2011-12 കാലയളവിൽ 2170.63 കോടി രൂപയായും, 2012-13 കാലയളവിൽ 3493 കോടി രൂപയായും, 2013-14 കാലയളവിൽ 4220 കോടി രൂപയായും, 2014-15-ൽ അത് 5100 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇതേ സമയം, ഇൻഫോപാർക്കിൽ കഴിഞ്ഞ 10 വർഷമായി സോഫ്റ്റ് വെയർ കയറ്റുമതിയിൽ ശരാശരി 30% മുതൽ 40% വരെ year-on-year വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2014-15-ൽ 3150 കോടി രൂപയായിരുന്നു ഇൻഫോപാർക്കിലെ കമ്പനികളിൽ നിന്നുള്ള കയറ്റുമതി വരുമാനം.<br>സൈബർപാർക്കിലെ സോഫ്റ്റ് വെയർ കയറ്റുമതി 2014-15 സാമ്പത്തിക വർഷത്തിൽ 28 ലക്ഷം രൂപയായിരുന്നത് 2015-16 സാമ്പത്തിക വർഷം ഡിസംബർ വരെ 1.75 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>ഇത്തരത്തിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ കമ്പനികൾ, നിക്ഷേപം, സോഫ്റ്റ് വെയർ കയറ്റുമതി, തൊഴിലവസരങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും ഓരോ വർഷവും ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |

സെക്‌ഷൻ ഓഫീസർ